Reg: No. T. 89/118.

# The Edavaka Patrika.

മലങ്കര.

# ഇടവകപ്പത്രിക

പുസ്തകം 2 | 1119 ധനു | ലക്കം 3.

## വിഷയവിവരം.

1. ഗീതം.
2. പ്രാത്ഥന.
3. കുറിപ്പുകൾ.
4. നീ യേശുവിനെ നോക്കുക.
5. ആദ്യഫലങ്ങൾ.
6. സഭയും ലോകവും.
7. ബെത്ലഹേം.
8. മ്ശിഹാചരിത്രം.
9. സൺഡേസ്കൂൾ വാത്തകൾ.
10. സഭാപഞ്ചാംഗം.
11. പരസ്യം.

മലങ്കര

# ഇടവകപ്പത്രിക.

പുസ്തകം 2 | 1119 ധനു | ലക്കം 3

## ഗീതം.

(യേശുമഹേശനെ ഞാൻ...... എന്ന രീതി)

സ്നേഹസ്വരൂപമെയെൻ–സർവ്വേശ്വരാ,
സാദരം കൈ കൂപ്പുന്നേൻ!

പരമ പിതാവെ, നിൻ വൻകരുണാമൃതം
ശരണമിന്നീനരക്കു–നാകേശ്വരാ, സാദരം........

പെരിയൊരു ക്രൂശിന്മേൽ മരിച്ചുയിർത്തന്നെന്നെ
തിരുമകനാക്കിയല്ലോ–ദൈവസുതാ, സാദരം........

പാരിടത്തിൽ നരർ പാപബോധം തരും
പാവനരൂഹായെയെൻ–ജീവാത്മാവേ, സാദരം........

---

## പ്രാർത്ഥന.

നാഥാ, നിന്നെ സ്നേഹിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിൻ്റെ സ്നേഹംകൊണ്ടു മുഴുവനായി എന്നെ നിറയ്ക്കേണമെ! നാഥാ, ഇന്നത്തെ ദിവസം നിന്നെ പ്രസാദിപ്പിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിനക്കു തികച്ചും ഇഷ്ടമുള്ളവനായിത്തീരുമാറു് എന്നെ നീ യോഗ്യനാക്കേണമെ.

---

## കുറിപ്പുകൾ.

1. ഇടവകപ്പത്രികയിൽ പ്രസിദ്ധം ചെയ്യണമെന്നുദ്ദേശിക്കുന്ന ലേഖനങ്ങൾ തലേമാസം 20-ാംനു-ക്കു മുൻപായി പത്രികയുടെ ആഫീസിൽ കിട്ടിയിരിക്കണം.

2. (1) ഇടവകറിപ്പോർട്ടുകൾ, (2) സണ്ടേസ്കൂൾ വാർത്തകൾ, (3) സ്ത്രീസമാജങ്ങൾ, (4) ആശ്രമവാർത്തകൾ, (5) സഭാവിശ്വാസം സംബന്ധിച്ചുള്ള ലേഖനങ്ങൾ, (6) സഭാചരിത്രങ്ങൾ, (7) പരിശുദ്ധന്മാരുടെ ചരിത്രങ്ങൾ, (8) സഭയുടെ ആചാരങ്ങളും നടപടികളും, (9) വേദധ്യാനങ്ങൾ ഇങ്ങനെയുള്ളവയായിരിക്കണമെന്നു പ്രത്യേകം താല്പര്യമുണ്ട്.

3. വരിസംഖ്യ എപ്പോഴും മുൻപേർ ആയിരിക്കുന്നതാണ്. കൈവഴി എത്തിച്ചുകൊടുക്കുന്നവർക്കു ഒരുരൂപയും അഞ്ചൽ മാർഗ്ഗം അയയ്ക്കുന്നവർക്ക് ഒന്നേകാൽ രൂപയുമാണ് തൽക്കാലം വരിസംഖ്യ നിശ്ചയിച്ചിരിക്കുന്നതു്. ഇപ്പോഴത്തെ പരിതസ്ഥിതികൾ (കടലാസുക്ഷാമം) മാറുന്നതിനോടുകൂടെ മാസികയുടെ വലിപ്പത്തിലും പേജിലും വ്യത്യാസം ചെയ്യുന്നതാണ്. റോയൽ സയിസിൽ പ്രസിദ്ധം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നതു് എന്നാൽ അതു സാധിക്കാതെ വന്നതിനാൽ വലിപ്പത്തിൽ ഒരു വ്യത്യാസം ചെയ്തും കടലാസ്സ് നഷ്ടപ്പെടുത്താതെയും എത്രയും ചുരുക്കി ഉപയോഗിക്കണമെന്നുള്ള ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരവും വളരെ ചുരുക്കിയിരിക്കുകയാണ്. ആയതിൽ മാന്യന്മാരായ നിങ്ങൾ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

4. ഇപ്പോഴത്തെ പ്രയാസഘട്ടത്തിൽ മാസികയുടെ വരിസംഖ്യ നിശ്ചയിച്ചിരിക്കുന്ന ഒന്നേകാൽ രൂപാ ഈ മാസിക കിട്ടിയാലുടൻ മണിയോർഡർ അയച്ചുതന്നു

ഞങ്ങളെ സഹായിപ്പാനപേക്ഷ. മകരമാസം 20-ാംനു-ക്ക മുൻപായി പണം അയച്ചുതരാത്തവൎക്ക് മാസിക തുടൎന്ന് അയക്കുന്നതല്ല എന്നുള്ളവിവരം അറിയിച്ചുകൊള്ളുന്നു.

5. ഏജൻറന്മാരെ നിയമിച്ചു പിരിക്കുന്നതിനു നിവൃത്തിയില്ല. കടലാസുവിലയും സ്റ്റാമ്പുവിലയും മാത്രമാണ് വരിസംഖ്യയായി നിശ്ചയിച്ചിരിക്കുന്നതു്.

6. ഓരോ ലക്കം മാസികയും അടുത്ത 10-ാംനു-ക്ക മുൻപായി എല്ലാവൎക്കും കിട്ടിയിരിക്കണമെന്നും കിട്ടിയിട്ടില്ലാത്തവർ അപ്പോഴപ്പോൾ അറിയിക്കുകയും ചെയ്യണം.

7. കടലാസ്സിൻെറ ക്ഷാമത്താൽ കൂടുതൽ കോപ്പികൾ ഒരിക്കലും അടിക്കുകയില്ല. വരിക്കാരുടെ സംഖ്യയോളം മാത്രമേ ഓരോ മാസത്തിലും അടിക്കുകയുള്ളു ആയതിനാൽ പുതിയ വരിക്കാരായി ചേരുന്നതിനു് ആഗ്രഹിക്കുന്നവർ വരിസംഖ്യ മണിയോർഡർ ചെയ്തുതരികയും ആപ്പീസിൽ കിട്ടുകയും ചെയ്തതിൻെറ ശേഷമേ മാസികകൾ അയയ്ക്കുകയുള്ളു.

8. വ്യക്തിപരമോ അന്യോന്യസ്പൎദ്ധ ഉണ്ടാക്കുന്നതൊ ആയ ലേഖനങ്ങൾ ഒരുനാളും പ്രസിദ്ധപ്പെടുത്തുന്നതിനു് ഇടയാകാതെഇരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കും. ലേഖനങ്ങൾ ലേഖനകൎത്താക്കൾക്കു് മടക്കി കിട്ടണമെന്നു് ആഗ്രഹമുള്ളപക്ഷം തിരിച്ചു് അയയ്ക്കുവാൻ ആവശ്യമുള്ള സ്റ്റാമ്പുകൾ അടക്കം ചെയ്യാത്ത ലേഖനങ്ങൾ മടക്കി അയക്കുന്നതും അല്ല.

9. സഭാവിശ്വാസം സംബന്ധിച്ചു് പല നല്ല നല്ല ലേഖനങ്ങൾ എഴുതാമെന്നു് പലരും സമ്മതിച്ചിട്ടുണ്ടു്. അങ്ങനെയുള്ളവരുടെ പേരുകൾ തുടൎച്ചയായി കാണാവുന്നതാകയാൽ ഞാൻ എഴുതുന്നില്ല.

10. നാല്പതു കൊല്ലങ്ങൾക്കു മുമ്പ്. മാർ ദീവന്നാസ്യോസ് സിമ്മനാരിയിലെ സമ്മാനദാനം (1072 വൃശ്ചികം) 17-ാംതീയതി കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തുവാൻ നിശ്ചയിച്ചിരുന്നു. തിരുമനസുകൊണ്ടു വൈക്കത്തു അഷ്ടമിനാൾ അഭ്രതപൂർവ്വമായി കുളിർവെള്ളത്തിൽ സ്നാനം ചെയ്കതിനാൽ വാതപീഡ ആരംഭിച്ചു. പകരം കോട്ടയം ദിവാൻപേഷ്കാർ അഗ്രാസനം വഹിച്ചു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ടു, പൌലോസ് റമ്പാച്ചൻ, മുതലായവർ സന്നിഹിതരായിരുന്നു. ദിവ്യശ്രീ ഗീവറുഗീസ് മല്പാൻ അവർകളാൽ റിപ്പോർട്ടു വായിക്കപ്പെടുകയും പിന്നാലെ കുട്ടികൾക്കു സമ്മാനങ്ങൾ നൽകപ്പെടുകയും ചെയ്തു. സമ്മാനം വകയ്ക്കു വലിയകോയിത്തമ്പുരാൻ തിരുമനസുകൊണ്ടു 75 രൂപായും, കൊല്ലം ദിവാൻപേഷ്കാർ രാജരാമരായർ 15 രൂപായും, മജിസ്ട്രേട്ടു കോവൂർ അയിപ്പു തന്റെ പിതാവിന്റെ ഓർമ്മയ്ക്കായി 3 രൂപായും, ഹൈക്കോർട്ടുവക്കീൽ ഈ. ജെ. ജോൺ കഴിഞ്ഞുപോയ കുഞ്ഞൻറൈട്ടരുടെ ഓർമ്മയ്ക്കായി 10 രൂപായും, ആലപ്പുഴ സ്രാപ്പ് ഇട്ടീയയിപ്പു 5 രൂപായും കൊച്ചി അഞ്ചൽസൂപ്രണ്ടു് അബ്രഹാം 4 രൂപായും, കോട്ടയംതാലൂക്കു മുതൽപിടി ചെറിയാൻ 2 രൂപായും ദാനമായി കൊടുത്തയച്ചിട്ടുണ്ടായിരുന്നു.

(ഇടവകപ്പത്രിക)

---

# നീ യേശുവിനെ നോക്കുക.

(ദിവ്യശ്രീ മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ
ബി. എ., ബി. ഡി., എൽ. ടി.)

രക്ഷകനായ യേശുവിനെ ഒരു പരിപൂർണ്ണ ദൃഷ്ടാന്തമായി ശരിയായ ക്രിസ്തുമതം നമുക്കു കാണിച്ചുതരുന്നു. അ

വന്റെ കാലടികളിൽ നാം നടക്കുന്നാപക്ഷം നമ്മുടെ ജീവിതം പരിശുദ്ധമായിത്തീരും. തന്റെ ശിഷ്യന്മാരോട്ട താൻ കഴിച്ച ഒടുവിലത്തെ അത്താഴത്തിന്റെ സമയത്ത അവരുടെ കാലുകളെ കഴുകിയത്തു എത്രവലിയ താഴ്മയെ കാണിക്കുന്നു! "ഞാൻ നിങ്ങളോട്ട ചെയ്തതുപോലെ നിങ്ങളും ചെയ്യുവാൻ ഞാൻ നിങ്ങൾക്ക ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു" എന്നു താൻ അരുളിച്ചെയ്തു. ഇതിന്റെ അത്ഥം നാം അക്ഷരപ്രകാരം വേറൊരുവന്റെ കാൽ കഴുകണമെന്നല്ല, പിന്നെയോ നാം വേറൊരുവന്റെ ഭാരംചുമക്കണമെന്നും, വേറൊരുവന്റെ കണ്ണുനീർ തുടയ്ക്കയും അവനെ ആശ്വസിപ്പിക്കയും ഉയത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്യണമെന്നുമാണ്. "മിശിഹാ നമുക്കവേണ്ടി കഷ്ടപ്പെട്ടു; നിങ്ങൾ അവന്റെ കാലടികളെ പിന്തുടരുവാൻ വേണ്ടി അവൻ ഒരു ദൃഷ്ടാന്തം നമുക്ക തന്നിരിക്കുന്നു," എന്നു വിശുദ്ധ പത്രോസ് പറയുന്നു. നാം അന്യക്കവേണ്ടി കഷ്ടത സഹിക്കണം. അതല്ലെങ്കിൽ യേശുവിനോടുകൂടെ നാം വാഴുകയില്ല. നമുക്കവേണ്ടിയുള്ളഅവന്റെ കഷ്ടപ്പാടിനോട്ട നമ്മുടെ കഷ്ടപ്പാടിനെ താരതമ്യപ്പെടുത്താവുന്നതല്ല.

പുതുശിഷ്യനോട്ട വിശുദ്ധ പൌലോസിന്റെ ഉപദേശം, "നമ്മുടെ വിശ്വാസത്തിന്റെ നായകനും പരിപൂത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക" എന്നാണ്. "എന്നെ നോക്കി പഠിക്കുക, എനിക്കവേണ്ടി ജീവിക്കുക" എന്നു യേശുതമ്പുരാൻ പറയുന്നു. കുരിശിൽതൂങ്ങുന്നവന്റെനേരേയുള്ള ഒരൊററ നോട്ടത്തിനു വലിയ ആശ്വാസം പ്രദാനം ചെയ്യുവാൻ സാധിക്കും. പുതിയനിയമത്തിൽ മിശിഹായുടേയും അവന്റെ സ്വഭാവത്തിന്റേയും ചിത്രം നാം കാണുന്നുണ്ട്. നമ്മെപ്പോലെ എല്ലാ സംഗതികളിലും അവൻ പരീക്ഷിക്കപ്പെ

പ്പെട്ടെങ്കിലും പാപം കൂടാതിരുന്നു. അവൻ ആത്മാവി ന്റെ വാളാകുന്ന ദൈവവചനം ഉപയോഗിച്ചു ശത്രുവി നെ നിരോധിച്ചു ചില ചുമതലകൾനിർവഹിപ്പാൻ നമു ക്കു പ്രയാസവുംവിഷമവുംതോന്നും. യേശുതമ്പുരാൻ നോ ക്കിക്കൊണ്ടു പറയുന്നതു, "തന്റെ കുരിശെടുത്തു എന്റെ പിന്നാലെവരാത്തവൻ എനിക്കുയോഗ്യനല്ലെ"ന്നാണു്.

നിനക്കു നിരാശയും ഉപദ്രവവും നേരിട്ടേക്കാം. യേശുതമ്പുരാൻ പറയുന്നു. "നിന്റെ ഹൃദയം ചഞ്ചല പ്പെടരുതു്. കണ്ടാലും ഞാൻ സദാ നിന്നോടുകൂടെയു ണ്ടു്.. എന്റെ കൃപ നിനക്കു മതി" ദയവില്ലാത്ത വാ ക്കുകൾ സംസാരിക്കുന്നതിനോ ദയവില്ലാത്ത പ്രവൃത്തിക ൾ പ്രവൎത്തിക്കുന്നതിനോ നിനക്കു പരീക്ഷ നേരിടുമ്പോ ൾ നീ ചോദിക്കേണ്ടതു, "യേശു എന്തുചെയ്യും?" എന്നാ ണ്. "ഈ എന്റെ സഹോദരരിൽ ഏററവും ചെറി യവനോടു നീ ചെയ്യുതു എനിക്കു ചെയ്യുതാകുന്നു." ഒരു ക ഠിന പരീക്ഷയിൽ നാം അകപ്പെട്ടാൽ കൎത്താവു നമ്മെ നോക്കിക്കൊണ്ടു, "ഒരു നാഴികനേരം എന്റെ കൂടെ ജാ ഗ്രതകരായിരിപ്പാൻ നിങ്ങൾക്കു കഴികയില്ലേ?" എന്നു ചോദിക്കുന്നു. താൻ നമ്മെ ആശ്വസിപ്പിക്കയും, പഠി പ്പിക്കയും, ശകാരിക്കയും, ധൈൎയ്യപ്പെടുത്തുകയും, വഴി നടത്തുകയും ചെയ്യുന്നു. യാതൊരു ലൌകികസ്നേഹിത നും ഇതു സാധിക്കയില്ല. യേശുതമ്പുരാൻ സ്വാൎത്ഥപ്ര തിപത്തി ഇല്ലാത്തവനും അനുകമ്പയുള്ളവനും ആയിരു ന്നു. താൻ എപ്പോഴും അന്യരെ സഹായിച്ചു. അവ ന്റെ കൈകൊണ്ടുള്ള സ്പർശനം ആശ്വാസം നൽകി. അന്യൎക്കു നന്മ ചെയ്യുന്നതിൽ അവനു ക്ഷീണം ഭവി ച്ചില്ല; കപടഭക്തി ഇഷ്ടപ്പെട്ടില്ല. പാപത്തെ വെറു ത്തു് പാപിയെ സ്നേഹിച്ചു. നമുക്കുവേണ്ടിയുള്ള നമ്മു ടെ രക്ഷകന്റെ കഷ്ടപ്പാടു ഓൎക്കുക. പീലാത്തോസി ന്റെ മുമ്പാകെ അവൻ മിണ്ടാതെ നിന്നു, ഗത്സമന

യിലുള്ള കഷ്ടപ്പാടാണ് അവന്റെ പ്രതിഷ്ഠയെ പൂത്തിയാക്കിയതു്. "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ" കുരിശിന്മേൽവച്ചു അവൻ പ്രാത്ഥിച്ചതു, പിതാവേ, ഇവർ ചെയ്യുന്നതു എന്താണെന്നു ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്നാണ്.

വായനക്കാരാ, നിനക്കും എനിക്കുംവേണ്ടിയുള്ള സ്നേഹം കാണുക. നീ യേശുവിനെ നോക്കുക; അവന്റെ ശബ്ദം കേൾക്കുക. തന്നോടു നാം കൂട്ടുതലായി സംസൎഗ്ഗം ചെയ്യുകയും തന്നെ നോക്കുകയും ചെയ്യുമ്പോൾ നാം തന്നെപ്പോലെ ആയിത്തീരും.

---

# ആദ്യഫലങ്ങൾ

(തുടച്ച്)

ശരീരസൌഖ്യത്തെ കരുതുന്നതിൽ ഏവരും വേണ്ടപോലെ ശ്രദ്ധവെക്കേണ്ടതാണ്. ശരീരവും ശരീരബലവും ദൈവത്തിന്റെ ദാനങ്ങളാകുന്നു. രോഗമുള്ളപ്പോൾ വൈദ്യന്മാരെ അന്വേഷിക്കയും ചികിത്സിക്കയും വേണ്ടതാണ്. എന്നാൽ നിസ്സാരമായ എന്തെങ്കിലും സുഖക്കേടുകൾ ഉള്ളപ്പോൾ നമസ്കാരം ആദിയായ ഭക്തിനടപടികളെ ഉപേക്ഷിക്കുന്നതു് ഒരിക്കലും ശരിയല്ലാ. ദൈവം നിന്റെ ആത്മാവിന്നും ശരീരത്തിന്നും ഒരുപോലെ വൈദ്യനാണ്. നിന്റെ ദൈവവിശ്വാസം എത്രമാത്രം ഉണ്ടെന്നു പരീക്ഷിക്കുന്നതിനായിരിക്കാം അല്പമായ രോഗങ്ങൾ നിനക്കുണ്ടാകുന്നതു്. തന്റെ ആത്മാവിനേയും ശരീരത്തേയും ഒരുപോലെ ദൈവമഹത്വത്തിന്നായി പ്രതിഷ്ഠിച്ചു ജീവിക്കുന്നതു് എത്ര ഭാഗ്യമാകുന്നു! "ഞാൻ ദിവസംപ്രതി മരിക്കുന്നു" എന്നു വിശുദ്ധ പൌലൂസ്ശ്ലീഹാ പറയുന്നതു് ഇപ്രകാരമുള്ളവരെപ്പററി സത്യമാകുന്നു.

സഹോദരാ, അതിരാവിലെയുള്ള നിന്റെ പ്രാൎത്ഥന എത്ര നന്നായി കഴിക്കുന്നുവോ അത്രത്തോളം നന്നായി ദിവസം മുഴുവനും ജീവിക്കുന്നതിനു സാധിക്കും.

രാവിലെയുള്ള പ്രാൎത്ഥനയും ധ്യാനവും മുടക്കുന്നതിനായി സാത്താൻ പല തന്ത്രങ്ങൾ പ്രയോഗിക്കും. നിശ്ചയിക്കപ്പെട്ട സമയം ദൈവസ്നേഹത്തോടുകൂടി എഴുനേല്ക്കണം. ഇതു നിഷ്കൎഷയായി ചെയ്യണം. ഇതു ചെയ്യുന്നപക്ഷം രാവിലെയുള്ള നമസ്കാരവും ധ്യാനവും ശരിയാംവണ്ണം നടത്തുന്നതിനു സാധിക്കും. ഇസ്രായേൽമക്കൾക്കു സ്വൎഗ്ഗത്തിൽനിന്നു മന്നാ പൊഴിഞ്ഞു. അതിനെ പെറുക്കി ശേഖരിച്ചു ഭക്ഷിച്ചു. ഇതുപോലെ നിന്റെ ചുററും രാത്രികാലങ്ങളിൽ ദൈവം മന്നായെ വൎഷിക്കുന്നു. മന്നായെ പകൽസ്സമയം ഇസ്രായേൽ ഭക്ഷിച്ചു ബലം പ്രാപിച്ചു. ദൈവം അനേകതരം അനുഗ്രഹങ്ങളേയും കൃപാവരങ്ങളേയും നിന്റെ ചുററും പൊഴിക്കുന്നു. രാവിലെ എഴുനേററാലുടനെ നീ മന്നാ പെറുക്കണം. എഴുനേററാലുടൻതന്നെ പ്രാൎത്ഥനയിലും ധ്യാനത്തിലും ദൈവത്തിന്റെ തിരുമുമ്പാകെ ഇരുന്നു അനുഗ്രഹങ്ങളേയും കൃപാവരങ്ങളേയും ശേഖരിക്കണം. ഇങ്ങിനെ മന്നാ പെറുക്കുന്നതായാൽ പകൽസ്സമയത്തെ നിന്റെ ഭക്ഷണത്തിന്നും പോഷണത്തിന്നും വേണ്ടതായ കൃപകൾ നിന്റെ കൈവശം ഉണ്ടായിരിക്കും. മന്നാ പെറുക്കുന്നതിനുള്ള കാലം അതിരാവിലെയുള്ള സമയമാണു്. പുലൎന്നിട്ടു എഴുനേല്ക്കുന്നവൻ പകൽസ്സമയം ചെയ്യാനുള്ള പല വേലകളേപ്പററിയുള്ള വിചാരത്തോടും ധൃതിയോടുംകൂടി എഴുനേല്ക്കുന്നു. അവനു മന്നാ പെറുക്കുന്നതിനു സമയമില്ല. മന്നാ പെറുക്കുന്നതിനുള്ള സമയം കഴിഞ്ഞിട്ടു അവൻ എഴുനേല്ക്കുന്നു. നമസ്കാരത്തിന്നായി നിയമിക്കപ്പെട്ട സമയത്തെ അവൻ ഉറക്കത്തിന്നായി ചിലവഴിച്ചു. ഇപ്രകാരം അവിശ്വസ്തതയോടുകൂടി അവൻ ദിവസം ആരംഭിക്കുന്നു. ആവശ്യമുള്ളവർ മുൻകൂട്ടി എഴുനേററു മന്നാ പെറുക്കി. ഇവനോ, അവിശ്വസ്തനായി കാണപ്പെടുന്നു. ധൃതിപ്പെട്ടു ഇവൻ നമസ്കാരങ്ങൾ നടത്തിയേക്കാം. എന്നാൽ ക്ഷമയോടും ശാന്തമായും ദിവസത്തേക്കു വേണ്ടടത്തോളം കൃപാവരങ്ങളെ ശേഖരിക്കുന്നതിനുള്ള അവസരത്തെ ഇവൻ നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. സഹോദരാ, രാവിലെ നീ ഉണരുമ്പോൾ

നിൻെറ ഒന്നാമത്തെ മനോവ്യാപാരം എന്താണു്? നിൻെറ പൂൎണ്ണസ്നേഹത്തെ അൎഹിക്കുന്നവനായ യേശുവിൻെറ അടുക്കലേക്കു പോകുന്നുണ്ടോ? നീ എഴുന്നേററതിൻെറ ശേഷം ഒന്നാമതായി നിൻെറ വായിൽനിന്നു പുറപ്പെടുന്ന വചനം എന്താണു്? ദിവസത്തിൽ ഒന്നാമതായി നീ ചെയ്യുന്ന പ്രവൃത്തി എന്താണു്? നിൻെറ ഒന്നാമത്തെ വിചാരം ദൈവത്തിങ്കലേക്കു് ആയിരിക്കണം. നിൻെറ ഒന്നാമത്തെ വചനം ദൈവത്തോടു പറയണം. നിൻെറ ഒന്നാമത്തെ പ്രവൃത്തി ദൈവത്തിനു വേണ്ടി ചെയ്യണം. പകൽസമയം നീ ചെയ്യാനുള്ള സകല പ്രവൃത്തികളുടേയും ആദ്യഫലമായി ഇതിനെ ദൈവത്തിനു കൊടുത്തുകൊൾക. നീ എഴുന്നേററു മുഖം കഴുകുകയും ഉടുപ്പു മാറുകയും മററും ചെയ്യുമ്പോൾ കൎത്താവിനോടുള്ള സ്നേഹത്തെ പ്രസ്താവിക്കുന്നതായ വിചാരങ്ങൾ നിൻെറ ഹൃദയത്തിൽനിന്നു പുറപ്പെടട്ടെ. സാവകാശമായും താഴ്മയുള്ള ഹൃദയത്തോടും നിൻെറ നമസ്കാരവും ധ്യാനവും നടത്തുക. എത്രയും നന്നായി—അതായതു്, ദൈവത്തിനു അളവററ മഹത്വം വരുവാൻ തക്കവണ്ണം—നിൻെറ പ്രാൎത്ഥന നടത്തണമെന്നു നിൎബന്ധമായ ആഗ്രഹം നിന്നിൽ ഉണ്ടായിരിക്കണം. കൎത്താവിനെ കണക്കില്ലാതെ സ്നേഹിക്കണമെന്നു നിൻെറ ഹൃദയത്തിൽ ഉറച്ചുകൊണ്ടു പ്രാൎത്ഥന നടത്തിക്കൊള്ളുക.

ചില ബുദ്ധിയുപദേശങ്ങൾ:—നിനക്കു ജീവനെ തന്നവനായ ദൈവത്തിനു പൂജ ചെയ്യേണമെന്നുള്ളതു നിൻെറ പ്രധാന ധൎമ്മമാകുന്നു. നീ ഇരിക്കുന്ന നിലയിൽ ദൈവം നിന്നെ ആക്കിവെച്ചിട്ടുള്ളതിനു വേണ്ടി ദൈവത്തിനു സ്തോത്രം കൊടുക്കണം. രാവിലെ മുതൽ പകൽസ്സമയം മുഴുവൻ നീ പ്രവൎത്തിക്കേണ്ടിവരുന്നതായ കാൎയ്യങ്ങളെ ഓരോന്നിനേയും മുൻകൂട്ടി ഓൎത്തു രാവിലെയുള്ള രഹസ്യപ്രാൎത്ഥനസമയത്തു് അവയെ ദൈവത്തിനു കാഴ്ച വെയ്ക്കുക. നിന്നെ അനുഗ്രഹിക്കുമെന്നും നീ ചെയ്യുന്ന ഓരോ പ്രവൃത്തികളേയും അനുഗ്രഹിക്കണമെന്നും മുമ്പുകൂട്ടി ദൈവത്തോടു് അപേക്ഷിച്ചുകൊള്ളുക. സ്നേഹക്കുറവു് നിഗളം, അസത്യം—ആദിയായി പകൽസമയത്തുണ്ടായേക്കാവുന്ന പാപങ്ങൾ ഏവയാണെന്നു കഴിഞ്ഞ ദിവസങ്ങളിലെ അനുഭവംകൊണ്ടു നിനക്കു മനസ്സി

ഷായിട്ടുണ്ടല്ലൊ. ആ പാപങ്ങളെ ജയിക്കുന്നതിനുള്ള ദൈവകൃപ ഇന്നത്തെ ദിവസം മുഴുവൻ നിന്നോടുകൂടെ ഉണ്ടായിരിക്കുന്നതിനുവേണ്ടി പ്രാൎത്ഥിക്കുക. ഇങ്ങിനെ പ്രാൎത്ഥിച്ചതുകൊണ്ടു തൃപ്തിപ്പെടരുതു്. ഈ പാപങ്ങൾക്കു വിപരീതമായ പുണ്യഗുണങ്ങൾ നിന്നിൽ നട്ടുവളൎത്തുന്നതിനു വേണ്ടി സ്നേഹമേറിയ യേശുവിനോടു പ്രാൎത്ഥിക്കുക. "ഇന്നു മുഴുവൻ താഴ്മയുള്ള ഹൃദയത്തോടെ യേശുവിനെ ഞാൻ സ്നേഹിക്കും; ഇന്നു മുഴുവൻ പാതിവ്രത്യമുള്ള കണ്ണുകളെക്കൊണ്ടു് ഇന്ദ്രിയനിഗ്രഹം പരിശീലിച്ചു ഞാൻ യേശുവിനെ സ്നേഹിക്കും; ഇന്നു മുഴുവൻ അയല്ക്കാരോടുള്ള പെരുമാററത്തിൽ ക്ഷമാശീലം പരിശീലിച്ചു ഞാൻ യേശുവിനെ സ്നേഹിക്കും; ഇന്നു എന്റെ തൊഴിലിൽ സത്യസന്ധതയോടുകൂടി പെരുമാറി ഞാൻ യേശുവിനെ സ്നേഹിക്കും." ഇന്നത്തെ ദിവസം പാപം ഉണ്ടായേക്കാവുന്ന സന്ദൎഭങ്ങളെ ഓൎത്തു് ഇതുപോലെയുള്ള ഏതെങ്കിലും ഒരു ചെറിയ വാചകം രഹസ്യപ്രാൎത്ഥനയായി പല പ്രാവശ്യം ആവൎത്തിച്ചു ചൊല്ലുന്നതു ജീവിതശുദ്ധിയെ വളരെ സഹായിക്കുന്നതാണു്. ഇങ്ങിനെ പ്രയത്നിക്കുന്നവരെ യേശു പ്രേമപൂൎവ്വം തൃക്കൈ നീട്ടി അനുഗ്രഹിക്കും.

ഇന്നത്തെ ദിവസം ദൈവമഹത്വത്തിന്നായി പുണ്യപ്രവൃത്തികൾ ചെയ്യുന്നതിനും യേശുവിനോടുള്ള സ്നേഹത്തെ എന്നിൽ ദൃഢപ്പെടുത്തുന്നതിനുമായി ഏതെല്ലാം അവസരങ്ങൾ ഉണ്ടാകുമെന്നു മുമ്പുകൂട്ടി ഓൎത്തുനോക്കണം. രാവിലെ രഹസ്യപ്രാൎത്ഥനസമയത്തു് ഇതു ചെയ്യണം. മുൻകൂട്ടി ഓൎക്കുന്നതായ അവസരങ്ങളെ യേശുവിനോടുള്ള സ്നേഹത്തെ പ്രദൎശിപ്പിക്കുന്നതിനായി യേശു സഹായിക്കണമെന്നുള്ള പ്രാൎത്ഥനയോടുകൂടി ആ അവസരങ്ങളെ ഇപ്പോൾത്തന്നെ കൎത്താവിന്റെ അടുക്കൽ നേൎച്ച കൊടുക്കുക. ദിവസം മുഴുവനും ദൈവമാതാവിന്റെയുംസകലപരിശുദ്ധന്മാരുടെയുംഅനുഗ്രഹവുംകാവലും പ്രാൎത്ഥനാസഹായവും നിനക്കുണ്ടായിരിക്കുന്നതിനുവേണ്ടി അപേക്ഷിക്കുക. രാവിലെയുള്ള രഹസ്യപ്രാൎത്ഥന ആരംഭിച്ചതുപോലെ അവസാനിക്കണം. വിശുദ്ധാത്മാവിന്റെ കൃപകൊണ്ടും ജീവൻകൊണ്ടും നിറഞ്ഞതായ അവസാനം ഈ രഹസ്യപ്രാൎത്ഥനയ്ക്കുണ്ടാകണം. രാവിലെ അഞ്ചുമണിക്കു എഴുന്നേററു് ആറുമണി വരെ നമസ്കാരം, ധ്യാനം, രഹസ്യപ്രാ

ത്ഥന മുതലായവ കഴിക്കുന്നതിനു് ഒരു മണിക്കൂർനേരത്തെ ചിലവിടുന്നതു് ഒരിക്കലും നഷ്ടമല്ല. ദിവസത്തിൽ ഇരുപ ത്തിനാലു മണിക്കൂർസമയം ദൈവം നിനക്കു തന്നിട്ടില്ലേ? ദൈവസേവയ്ക്കായി ഒരു മണിക്കൂർ ചിലവിടുന്നതു് അധിക മാണോ? ദിവസത്തിൽ അര മണിക്കൂർ സമയമെങ്കിലും ഇങ്ങിനെ ചിലവിടുവാൻ കഴിയാത്തവരേപ്പററി എന്താണു പറയേണ്ടതു്?

പ്രിയ സഹോദരാ! രാവിലെയുള്ള നിന്റെ പ്രാത്ഥ നയെ ശരിപ്പെടുത്തുന്നതിനു് ഇന്നുമുതൽ ശ്രമിച്ചുകൊള്ളുക.

ഈ ഉപന്യാസം ശ്രദ്ധിച്ചു വായിക്കയും നിനക്കുപയോ ഗിപ്പാൻ ആവശ്യമുള്ള സംഗതികളെ പ്രത്യേകിച്ചു മനസ്സിൽ സംഗ്രഹിക്കുകയും ചെയ്യുക. അങ്ങിനെ സംഗ്രഹിക്കപ്പെടുന്ന സംഗതികൾ നിന്റെ രഹസ്യപ്രാത്ഥനാസമയത്തു പ്രയോഗ ത്തിൽ വരുത്തണം. പകൽസമയം അവസരമുള്ളപ്പോൾ ഈ ഉപന്യാസം ഒരാവത്തികൂടി വായിച്ചു് ഇതിലുള്ള ഏതെ ല്ലാം സംഗതികൾ നീ പ്രയോഗത്തിൽ വരുത്തീട്ടുണ്ടെന്നു പരിശോധിച്ചുനോക്കുക. കുറെ ദിവസം ഇങ്ങിനെ പരിശ്ര മിക്കുന്നതു നിന്റെ ആത്മീയവളച്ചയ്ക്കു വളരെ സഹായമാ യിരിക്കും.

## സഭയും ലോകവും.

(C. M. John M. A., L. T., Puliyoor.)

ക്രൈസ്തവസഭയും ലോകവും തമ്മിലുള്ള പരസ്പര ബന്ധം ഗൗരവമേറിയ ഒരു പ്രശ്നമാണല്ലോ. വിശുദ്ധ വേദത്തിലെ പുതിയനിയമഭാഗത്തു് 'ലോകം' എന്നു പദം വിവിധാത്ഥങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടു്. ചില പ്പോൾ അതു് ഭൂമിയും അതിലുള്ള സകലവും നിർദ്ദേ ശിക്കുന്നു. ചില അവസരത്തിൽ ആ പദം മനുഷ്യവ ഗ്ഗത്തെ കുറിക്കുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനെ യാതൊന്നിന്റെ പരിത്രാണനാത്ഥം നൽകി സ്നേഹപ്രകാശനം ചെയ്തുവോ, ആ ലോകം ഇതത്രെ. എ ന്നാൽ സാധാരണ പ്രാപഞ്ചികലോകത്തെ ചൂണ്ടിക്കാ

ണിക്കാനാണ് ഈ പദം ഉപയോഗിക്കാറുള്ളത്. ദൈവത്തെ കൂടാതെ സംഘടിതമായ സമൂഹം എന്ന് അതിന് അർത്ഥംകൊടുക്കാമെന്നു തോന്നുന്നു. വസ്തുപരമായി മാത്രം ശ്രദ്ധ ചെലുത്തുകയും ധനത്തിൽമാത്രം താല്പര്യം പ്രദർശിപ്പിക്കുകയും പണമായി രൂപാന്തരപ്പെടുത്തുകയോ പണമായി വില കല്പിക്കുകയൊ ചെയ്യാവുന്ന കാര്യങ്ങൾ പ്രായേണ പ്രധാനങ്ങളായി കരുതുകയും ആണ് ആ കൂട്ടർ ചെയ്യുന്നത്. ഈ പ്രപഞ്ചലോകം സ്വന്തം തത്വങ്ങളിലും സ്വന്തം ഉദ്ദേശസിദ്ധിക്കും സമർത്ഥവും സുസംഘടിതവും ആകുന്നു. "ഈ ലോകത്തിന്റെ പുത്രന്മാർ തങ്ങളുടെ തലമുറയിൽ പ്രകാശത്തിന്റെ പുത്രന്മാരേക്കാൾ ബുദ്ധിമാന്മാരാണെ"ന്നു കർത്താവുതന്നെ കല്പിച്ചിട്ടുണ്ടല്ലോ. "അവരുടെ പ്രവൃത്തികൾ നീചതരങ്ങളാണെന്നു ഞാൻ വിധിക്കുകയാൽ എന്നെ അതു വെറുക്കുന്നു" എന്നു നമ്മുടെ കർത്താവു് പ്രസ്താവിച്ചതു് ഈ ലോകത്തെക്കുറിച്ചാണ്. ഈ ലോകം ക്രിസ്തുവിന്റെ സഭയെ വെറുക്കുന്നു. വെറുക്കേണ്ടതു് ആവശ്യവുമാകുന്നു. "നിങ്ങൾ ഈലോകക്കാരായിരുന്നെങ്കിൽ ലോകം അതിന്റെ സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ഈ ലോകക്കാരല്ലായ്കയാലും ഞാൻ നിങ്ങളെ ഇവിടെനിന്നും തിരിഞ്ഞെടുത്തിരിക്കയാലും ലോകം നിങ്ങളെ വെറുക്കുന്നു" എന്നും, "ഞാൻ ലോകത്തിൽനിന്നുള്ളവൻ അല്ലാത്തപ്രകാരം അവരും ലോകത്തിൽനിന്നുള്ളവരല്ലായ്കയാൽ ലോകം അവരെ വെറുക്കുന്നു" എന്നും കർത്താവു കല്പിച്ചിരിക്കുന്നു. ലോകം ക്രിസ്തീയസഭയെ നിന്ദിച്ചേമതിയാകൂ. അതിന്റെ ഉദ്ദേശങ്ങളും തത്വങ്ങളും സഭയുടേതിൽനിന്നും വിഭിന്നങ്ങളും വിയോജ്യങ്ങളുമാണ്. സഭ കാഴ്ചയാലല്ല വിശ്വാസത്താലത്രേ ജീവിക്കുന്നതു്. ദൃശ്യങ്ങൾ, ക്ഷണികങ്ങളാണെന്നും അദൃശ്യങ്ങൾ അനശ്വരങ്ങളാണെന്നും സഭ

അറിയുന്നു. ലോകമാകട്ടെ ദൃശ്യവസ്തുക്കളുടെ നശ്വരാവസ്ഥയെക്കുറിച്ച് പക്ഷെ അറിഞ്ഞാലും അവയ്ക്കുപരിയായി എന്തെങ്കിലും വിലമതിക്കത്തക്കതുണ്ടെന്ന് കരുതുന്നില്ല. ക്രിസ്ത്യാനിയുടേത് കേവലം മിഥ്യാബോധമാണ് എന്നു വിധിക്കുകയും ചെയ്യുകളയും. സഭ "സ്വർഗ്ഗത്തിൽ പൗരത്വമുള്ള" ജനങ്ങളുടെ സംഘമാകുന്നു. ലോകത്തിന്റെ ചിന്ത "നാളെ നാം മരിച്ചുപോയെന്നുവരാവുന്നതിനാൽ നമുക്കു കുടിച്ചുമദിക്കാം" എന്നാകുന്നു.

ദൈവത്തിൽനിന്നുള്ളവരും സ്വർഗ്ഗീയ യെറുശലേമിൽ പൗരത്വമുള്ളവരുമായ ആളുകൾക്കും ലോകത്തോട്ട അനുരൂപപ്പെട്ടുപോകാതെ ലോകത്തിൽ ജീവിക്കുകയും ലോകവ്യാപാരങ്ങളിൽ ഏർപ്പെടുകയും ചെയ്യണമല്ലോ. തന്നിമിത്തം നാം സഭാവിപത്തിൽ അകപ്പെട്ടിരിക്കുകയാണ്. "ലോകത്തേയും അതിലുള്ള വസ്തുക്കളേയും സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തേ സ്നേഹിക്കുന്നെങ്കിൽ പിതാവിന്റെ സ്നേഹം അയാളിൽ ഇല്ല. ജഡമോഹം, കൺമോഹം, ജീവന്റെ പ്രതാപം മുതലായി ലോകത്തിലുള്ളവയെല്ലാം പിതാവിൽനിന്നല്ല. ഈ ലോകത്തിൽനിന്നാകുന്നു. ദൈവഹിതം അനുവർത്തിക്കുന്നവൻ എന്നേക്കും സ്ഥിതിചെയ്യുന്നു" എന്നിങ്ങനെ അപ്പോസ്തോലൻ ഉപദേശിച്ചതു് എത്ര അർത്ഥവത്താണ്. ലോകത്തിലെ നിന്ദയല്ല ഭയപ്പെടേണ്ടതു്, അതിന്റെ ആകർഷണമാണ്. ലോകത്തിന്റെ ശത്രുത്വമല്ല മിത്രത്വമാണ് ആപൽക്കരം. സർവ്വമനുഷ്യരും നിങ്ങളെക്കുറിച്ച് നന്മ സംസാരിക്കുമ്പോൾ നിങ്ങൾക്കു കഷ്ടം! ദൈവത്തിൽനിന്ന് ഉത്ഭവിച്ചവൻ ലോകത്തെ വെല്ലുന്നു. ലോകത്തെ വെല്ലുന്ന വിജയം നമ്മുടെ വിശ്വാസം തന്നെ. യേശുക്രിസ്തു ദൈവസുതനാണ് എന്നു വിശ്വസിക്കാത്ത ആരാണ് ലോകത്തെ ജയിക്കുന്നതു്?

ക്രിസ്തുസഭ ചെറുതും നിസ്സാരവുമായി കാണപ്പെട്ടപ്പോൾ അതിന് പ്രതികൂലമൊന്നുമില്ലാതിരുന്നു. ലോകം, അതു വളർന്ന് ശ്രദ്ധേയമായപ്പോൾ അതിനെ പീഡിപ്പിക്കുകയും നിർമ്മൂലമാക്കാൻ യത്നിക്കുകയും ചെയ്തു. ആദ്യം പീഡ ഉണ്ടായതു് യഹൂദന്മാരിൽനിന്നായിരുന്നു. വി: സ്തേഫാനോസിന്റേയും യാക്കോബ് അപ്പോസ്തോലന്റേയും സഹദാമരണം അതിനെ അനുസ്മരിപ്പിക്കുന്നവയല്ലോ. റോമൻ അധീശഗവമെന്റു് ആദ്യഘട്ടങ്ങളിൽ സഭയെ സംരക്ഷിക്കുകയാണു് ചെയ്തിട്ടുള്ളതു്. വി. പൌലോസിനെ അനേകം പ്രാവശ്യം വിരോധികളായ യഹൂദന്മാരിൽനിന്നും രക്ഷിച്ചതു് റോമൻ പട്ടാളവും ഉദ്യോഗസ്ഥരുമായിരുന്നു. റോമൻപീഡ തുടങ്ങിയതു് എ. ഡി. 64–ൽ നീറോ ആയിരുന്നു. അതു് ഏകദേശം രണ്ടര നൂററാണ്ടുകാലം നീണ്ടുനിൽക്കുകയും ചെയ്തു. ക്രിസ്ത്യാനികളെ വെറുക്കുന്നതിനുള്ള കാരണങ്ങൾ സുഗ്രാഹ്യങ്ങളാണ്. റോമൻ അധീശഗവമെൻറധികാരികൾ സഭയെ പീഡിപ്പിച്ചതു്, രണ്ടു കാരണങ്ങളാൽ ആയിരുന്നു. (1) രാഷ്ട്രീയം. (2) സാമൂഹ്യം.

ക്രിസ്ത്യാനികളുടെ വിശ്വാസരീതി ലോകത്തിൽ നിലവിലിരുന്ന ആചാരങ്ങളുമായി സംഘട്ടനത്തിനു് ഇടയാക്കി. അപ്പോഴപ്പോൾ ഭരിച്ചുകൊണ്ടിരുന്ന ചക്രവർത്തിമാരെ ദൈവമായി ആരാധിക്കുക പതിവായിരുന്നു. അവരുടെ പ്രതിമകൾ പ്രധാന പട്ടണങ്ങളിലെല്ലാം സ്ഥാപിച്ചിരുന്നു. ആ പ്രതിമകളോടു ദൈവത്തോടു എന്നപോലെ വണക്കം പ്രദർശിപ്പിക്കാത്തപക്ഷം ഗവമെൻറിനോടുള്ള ഭക്തിശൂന്യതയായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. ക്രിസ്ത്യാനികൾ ഗവമെൻറിനെ ആദരിക്കാൻ സന്നദ്ധരായിരുന്നെങ്കിലും ഏതെങ്കിലുംതരത്തിലുള്ള വിഗ്രഹവന്ദനത്തിനു് തയ്യാറില്ലായിരുന്നു. “കൈസർക്കുള്ളതു് കൈസർക്കു കൊടുക്കുക” എന്നുള്ള കർത്തവ്യം

അവർ ആയിരിക്കവെ, "ദൈവത്തിനുള്ളതു" കൈസർക്കു കൊടുക്കുവാൻ അവർ അശേഷം സമ്മതിച്ചില്ല.

സാമൂഹ്യാചാരങ്ങളിലും വിഗ്രഹാരാധനാപരമായി പലതും ഉണ്ടായിരുന്നു. ഭയങ്കരതരവും സന്മാർഗ്ഗവിരുദ്ധവുമായ ബലപരീക്ഷണങ്ങളെ ക്രിസ്ത്യാനികൾ എതിർത്തു. മിശ്രവിവാഹങ്ങൾ, അമിതഭോഗങ്ങൾ എന്നിവയും അവക്കു എതിരുള്ളവ ആയിരുന്നു. തന്നിമിത്തം അവർ സംസർഗ്ഗത്തിനു കൊള്ളരുതാത്തവരും മനുഷ്യവർഗ്ഗത്തിൻെറ വൈരികളും എന്നു പരിഗണിക്കപ്പെട്ടിരുന്നു.

സഭ ഈ വിഷമഘട്ടങ്ങളെ സധൈര്യം അഭിമുഖീകരിക്കുകയും അനവധി രക്തസാക്ഷികളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തു.

എ. ഡി. 314-ൽ ലിസിനിയസ് പുറപ്പെടുവിച്ച രാജശാസനത്തെ തുടന്നു കുസ്തന്തീനോസിൻെറ സിംഹാസനാരോഹണവും ഉണ്ടായി. അദ്ദേഹം ക്രിസ്തുമതത്തെ സാമ്രാജ്യമതമായി അംഗീകരിച്ചു. അതോടുകൂടെ പീഡ അസ്തമിച്ചു. എന്നാൽ അതിനേക്കാൾ ഗൗരവമേറിയ ഒരു ആപത്തു തന്നിമിത്തം ഉളവായി. ക്രിസ്ത്യാനി ആകുക എന്നുള്ളതു ഒരു നല്ല ലൗകീകനയമായി തീരുകയും ക്രിസ്തീയ വിശ്വാസസത്യങ്ങളെക്കുറിച്ചു വേണ്ട ബോധ്യംകൂടാതെ അനേകർ മാമോദീസാ കൈക്കൊള്ളുകയും ഉണ്ടായി. ഇതിനു ചരിത്രത്തിൽ അനേകം തെളിവുകൾ ഉണ്ടു. ഒരു രാജാവിൻേറയോ പ്രഭുവിൻേറയോ മതംമാററത്തോടെ ആ ആളിൻെറ പ്രജകൾ മുഴുവനായി മതാവലംബികളായിട്ടുണ്ടു. അങ്ങനെ നാമമാത്ര ക്രിസ്ത്യാനികളുടെ വമ്പിച്ച ഭൂരിപക്ഷമുള്ള ഒരു സഭ ആവിർഭവിച്ചു. ആ തരത്തിൽ സഭയുടെ ഉള്ളിൽ ലോകം കടന്നുകൂടി ലൗകികത്വം സഭയെ

ആക്രമിച്ചു. സഭയുടെ അംഗങ്ങൾ ഉയൎന്ന ഉദ്യോഗങ്ങളിൽ പ്രവേശിച്ചു. തദ്വാരാ സഭ രാഷ്ട്രത്തിനു വിധേയമായിപ്പോയി. റഷ്യയിലും മററും അതാണു സംഭവിച്ചതു്. റോമൻചക്രവൎത്തിയുടെ മതപരിവൎത്തനം അനുഗ്രഹകരമല്ല, പ്രത്യുത ആപൽക്കരമായിരുന്നു എന്നാണു് വിചാരിക്കേണ്ടതു്. നാമമാത്രക്രിസ്ത്യാനികളുടെ രാജ്യത്തിലും സമൂഹത്തിലും ജീവിക്കുന്നതു് ഒരു യഥാൎത്ഥ ക്രിസ്ത്യാനിക്കു് അപകടസമ്പൂൎണ്ണമാണു്. രാഷ്ട്രീയ നയങ്ങൾ സാധാരണ ക്രിസ്തീയ തത്വങ്ങൾക്കു് വിധേയമായിരിക്കാറില്ല. ക്രിസ്തീയ മനസ്സാക്ഷി എതിൎക്കേണ്ട അനേകം കാൎയ്യങ്ങൾ നാമമാത്രരായിരിക്കുന്ന ഒരു ക്രിസ്തീയ സമൂഹം അനുവദിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തു എന്നു വരാം. അടിമത്വം, പയ്യവസായികക്കുഴപ്പങ്ങൾ. "കാൎയ്യംകാൎയ്യംപോലെ" എന്നതിൽ മറച്ചുവെച്ചിരിക്കുന്ന സൎവ്വ സ്വാൎത്ഥതയും വഞ്ചനയും ഈ തരത്തിലുള്ളവയത്രേ.

പ്രാചീനകാലങ്ങളിൽ സ്ത്രീപുരുഷന്മാർ അവശ്യം ആവശ്യമായിരുന്ന എതിൎപ്പു നടത്തുകയും ലോകത്തെ ത്യജിച്ചു് വനാന്തരങ്ങളിലും സന്യാസാശ്രമങ്ങളിലും അഭയം തേടുകയും ചെയ്തിരുന്നു. ഈ ആവശ്യം ഇന്നും വളരെയുണ്ടു്. പ്രബുദ്ധരായ സുവിശേഷകരെ ലഭിക്കുന്നതിനു മാത്രമല്ല, ആദൎശപരിപാലനത്തിനും അതു് അത്യന്താപേക്ഷിതമാണു്. സൎവ്വസുഖപരിത്യാഗികളും നിൎദ്ധനത്വം വരിച്ചവരുമായ സ്ത്രീപുരുഷന്മാരുടെ ഒരു സംഘം ഉണ്ടായെങ്കിലേ ലഘുജീവിതവും ത്യാഗബുദ്ധിയും ജനതാമദ്ധ്യത്തിൽ വളൎത്താൻ കഴികയൊള്ളു. സഭ ക്രിസ്തുവിൻെറ പാതകളിലേക്കു നമ്മെ സദാ തിരിച്ചു വിളിച്ചുകൊണ്ടിരിക്കുന്നു. ആത്മീയങ്ങളും അദൃശ്യങ്ങളുമായ കാൎയ്യങ്ങളുടെ പ്രാധാന്യത്തെ സഭ സാക്ഷിച്ചുകൊണ്ടു നിൽക്കുന്നു. സഭയുടെ സന്താനങ്ങൾ കാഴ്ച

കൊണ്ടല്ല വിശ്വാസത്താൽ നയിക്കപ്പെടണമെന്നു് സഭ പഠിപ്പിക്കുന്നു. സഭയിലെ പുണ്യാത്മാക്കളുടെ ജീവിതം, ദീർഘദർശികളുടേയും മററു് ഉപദേഷ്ടാക്കളുടേയും വചനങ്ങൾ, ആരാധന, കർമ്മാനുഷ്ഠാനങ്ങൾ എന്നിവയാൽ സഭ എല്ലാപ്പോഴും ക്രിസ്തുവിൻെറ കുരിശിങ്കലേക്കു ചൂണ്ടിക്കാണിക്കയത്രേ ചെയ്യുന്നതു്. ക്രിസ്തുവിൻെറ നാമം നാം വഹിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം നാം ഏററുപറയുന്നു. സർവ്വലോകത്തിൻെറ പാപപരിഹാരാർത്ഥമുള്ള ക്രിസ്തുവിൻെറ സമ്പൂർണ്ണബലിയെക്കുറിച്ചു് നാം വാദിക്കുകയും അതിനെ നാം സ്മരിക്കുകയും ബലിപീഠത്തിൽ ആഘോഷിക്കുകയും ചെയ്യുന്നു. ലോകത്തിലെ പല സാധനങ്ങളും നിങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അവയേയും ലോകത്തേയും നിങ്ങൾ സ്നേഹിക്കരുതു്. മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നതു്; ദൈവത്തിൻെറ തിരുമൊഴികളിൽ ഓരോന്നിനാലും മനുഷ്യൻ ജീവിക്കുന്നു.

---

# ബേത്ലഹേം

(തുടച്ച്)

ഈ വിശ്രുതപട്ടണത്തെപ്പററി മശിഹാ ജനിക്കുന്നതിനു 700 വർഷങ്ങൾക്കു മുമ്പായിത്തന്നെ മീഖാദീർഘദർശി ഇങ്ങിനെ പ്രവചിച്ചിരുന്നു: "നീയോ, ബേത്ലഹേം എഫ്രത്തേ, നീ യഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും ഇസ്രായേലിന്നു് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നുത്ഭവിച്ചുവരും; അവൻെറ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ." പഴയനിയമത്തിലെ ദാവീദിൻെറ ജന്മസ്ഥലമായ ഈ ബേത്ലഹേംതന്നെ, ഇപ്രകാരം, പുതിയനിയമത്തിലെ അധിപനായ ദൈവപുത്രൻെറ ജന്മസ്ഥലമാക്കിത്തീർപ്പാൻ ദൈവം കാലാരംഭത്തിൽത്തന്നെ ഉറച്ചുകഴിഞ്ഞു.

മീഖാദീർഘദർശിയാൽ പ്രവചിക്കപ്പെട്ട ദൈവത്തിന്റെ ആ മുൻനിശ്ചയം ഏതു കാലത്തു്, ഏതു മാർഗ്ഗത്തിൽ പ്രവൃത്തിരൂപത്തെ പ്രാപിച്ചു എന്നറിയുന്നതു രസാവഹമായിരിക്കും. ലോകരക്ഷകനായ യേശുമശിഹായുടെ മാതാവായി ജഗന്നിയന്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ കന്യകമറിയം സ്വഭർത്താവൊന്നിച്ചു നസ്രേത്തിൽ താമസിക്കുകയായിരുന്നു. മീഖായുടെ ദീർഘദർശനം നിവൃത്തിയാകേണ്ടതിനായിട്ടോ എന്നു തോന്നുമാറു് അക്കാലത്തെ റോമാസാമ്രാജ്യാധിപനായ അഗസ്റ്റസ് കൈസർ ചക്രവർത്തി ദൈവത്തിന്റെ കയ്യിൽ ഒരു ഉപകരണസാധനമായി പരിണമിച്ചു. തന്റെ പ്രജകളുടെ ആകപ്പാടെയുള്ള ജനസംഖ്യ എത്രയെന്നും, അതിൽ നികുതിതരുവാൻ ശക്തിയുള്ളവർ എത്ര പേരുണ്ടെന്നും സൂക്ഷ്മമായി അറിവാൻ കൈസറിന്നു പെട്ടെന്നൊരു ജിജ്ഞാസ ജനിച്ചു. ഈ വിചാരം കൈസറിന്റെ മനസ്സിൽ രൂഢമൂലമായിക്കിടന്ന അഹങ്കാരത്തിൽനിന്നും, തന്റെ ഏകച്ഛത്രാധിപത്യത്തെ വിളംബരപ്പെടുത്തുന്നതിലുള്ള വ്യാമോഹത്തിൽനിന്നും ഉളവായതാണെന്നുള്ള കാര്യം നിരാക്ഷേപം തന്നെയാണു്. കാനേഷുമാരിക്കണക്കെടുക്കേണ്ടതിന്നായി എല്ലാവരും താന്താങ്ങളുടെ ജന്മനാട്ടിൽ എത്തിക്കൊള്ളണമെന്ന രാജകല്പന സർവ്വദിക്കിലും സുപ്രസിദ്ധമായതോടുകൂടി ധൂർത്തനായ കൈസറിന്റെ ഭരണനുകത്തിൽ പെട്ടു് അസ്വാതന്ത്ര്യതിക്തം ആസ്വദിച്ചുവന്ന യഹൂദന്മാർക്കു് ആസകലം കലശലായ വെറുപ്പുണ്ടാകുകയും സാക്ഷാൽ വിമോചകനായ യേശുമശിഹായുടെ ആഗമനവിളംബത്തിൽ ഉൽക്കണ്ഠ ജനിക്കുകയും ചെയ്തു.

രാജശാസനാനുസാരം തനിക്കു് ഉടനെ ബേത്‌ലഹേമിലേക്കു പോകേണ്ടിയിരിക്കുന്നു എന്ന കാര്യം യൌസേഫ് എത്രയോ മനഃക്ലേശത്തോടുകൂടി ഗർഭിണിയായ തന്റെ ഭാര്യയെ ഗ്രഹിപ്പിച്ചു. തല്ക്കാലത്തെ മറിയാമിന്റെ അസ്വാസ്ഥ്യത്തിൽ അവളെ തനിയേ വിട്ടുപോകേണ്ടിയിരിക്കുന്നുവല്ലോ എന്നു യൌസേഫിനു് ആത്മാർത്ഥമായി വേദന തോന്നി. ദൈവത്തിന്റെ ലോകയാത്രയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട വാഹനമായ വിശുദ്ധ മറിയം ഈ ദുർഘടസന്ധിയിൽ പരിഭ്രമാകുലയായിപ്പോയെന്നു വരുമോ? മീഖാദീർഘദർശിയുടെ പ്രവചനങ്ങൾ ഫലിതമാക്കി, അതിന്റെ പരിപൂർത്തിയെ

ആകണ്ണം പ്രതീക്ഷിച്ചിരുന്ന ആ കന്യക അപ്പോൾ നിശ്ചഞ്ചലഹൃദയയായിത്തന്നെ വർത്തിച്ചിരുന്നിരിക്കണമെന്നു നമുക്കു ഊഹിക്കാം. ദൈവകുമാരനും ലോകരക്ഷകനുമായി തന്റെ ഉദരത്തിൽ ഉരുവായിട്ടുള്ള ആ പ്രേമസന്താനത്തെ കയ്യിലേന്തി ചുംബിപ്പാനുള്ള അവസരസാമീപ്യത്തെ ഗ്രഹിച്ചു, യാത്രാക്ലേശത്തെയോ, ദേഹത്തിന്റെ അസ്വാസ്ഥ്യത്തെയോ പരിഗണിക്കാതെ താനുംകൂടി ബേത്‌ലഹേമിലേക്കു വരുന്നുണ്ടെന്നു യൌസേഫിനെ അറിയിച്ചു. വിശുദ്ധ മറിയാമിന്റെ ഈ ധൈര്യപൂർവ്വകമായ മറുപടിയിൽ യൌസേഫ് സന്തുഷ്ടനായോ എന്നു നമുക്കിവിടെ അന്വേഷിക്കേണ്ടതില്ല.

അപ്പോൾ വർഷകാലാരംഭമായിരുന്നു. ദുസ്സഹമായ തണുപ്പും കാററും തൃണവൽഗണിച്ചു യാത്രയ്ക്കു അത്യാവശ്യങ്ങളായ സാധനങ്ങളും പേറിക്കൊണ്ടു ആ ചെറിയ കുടുംബം അതാ, നസ്രേത്തിൽനിന്നു പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പൂർണ്ണഗർഭിണിയാണെങ്കിലും നാലു ദിവസത്തെ വഴി നടപ്പാൻ തനിക്കു വേണ്ടതക്കതായ ദേഹശക്തി യഹോവാ നല്കിക്കൊള്ളുമെന്നുതന്നേ വിശുദ്ധ മറിയാം വിശ്വസിച്ചു. നസ്രേത്തിൽനിന്നു ബേത്‌ലഹേമിലേക്കുണ്ടായിരുന്ന, അക്കാലത്തെ വഴി, ശമറിയാപർവ്വതംവരെ 50 നാഴികയോളം നീളത്തിൽ കിടക്കുന്ന എസ്ദ്രലോൻ എന്ന മൈതാനത്തിൽ ഇലപൊഴിഞ്ഞു നഗ്നമായി നില്ക്കുന്ന ഒലിവു, അത്തി മുതലായ വൃക്ഷനിരകളുടെ മദ്ധ്യേക്കൂടിയായിരുന്നു.

ബേത്‌ലഹേംപട്ടണം അവർക്കു മുമ്പിൽ അതാ, ദൃശ്യമായി. ദൈവപുത്രന്റെ ജനനവൈശിഷ്ട്യത്താൽ പരിശോഭിക്കുവാൻ പോകുന്ന ആ മനോഹരപട്ടണത്തെ നല്ലപോലെ നോക്കിക്കണ്ടിട്ടു, ആ പതിവ്രതാരത്നം, യഹോവായുടെ കൃപാതിരേകത്തിന്നു ഭക്ത്യാദരപൂർവ്വം സ്തോത്രംചൊല്ലി. നേരെ സെൻസസ് ആപ്പീസിലേക്കായി ഇരുവരും യാത്രതുടന്നു. പട്ടണത്തിന്‍ പുറത്തുള്ള ദാവീദുരാജാവിന്റെ ഒരു പഴയ കൊട്ടാരത്തിൽ സെൻസസുജോലികൾ അപ്പോൾ ഊർജ്ജിതമായി നടക്കുന്നുണ്ടായിരുന്നു. റോമാക്കാരും യഹൂദന്മാരുമായ ഗവർമ്മെൻറുദ്യോഗസ്ഥന്മാർ പേർ ചാർത്തുന്നതിലും യഥാശക്തി കരം നിശ്ചയിക്കുന്നതിലും വ്യാപൃതരായിരിക്കുക

ഴാണ്. നേരം സന്ധ്യ മയങ്ങിത്തുടങ്ങി. തന്നിമിത്തം വേഗംതന്നെ തങ്ങളുടെ ചുമതല തീൎത്തു പട്ടണത്തിൽപ്പോയി വിശ്രമം തേടുന്നതിനായി ധൃതിപ്പെട്ടു കച്ചേരിക്കു പുറത്തു നില്ക്കുന്ന സ്വദേശിവിദേശിയരെ ക്രമീകരിച്ചു നിൎത്തുന്നതിൽ ആയുധപാണികളായ റോമാപടയാളികൾ ഒട്ടും അലസന്മാരായിരുന്നില്ല.

എല്ലാവരെയുംപോലെ യൌസേപ്പും പേർ ചാൎത്തിച്ചു, അവിടെനിന്നും വിശുദ്ധ മറിയാമിനേയും കൂട്ടി വയററിലെ കത്തലടക്കി തല ചായിപ്പാനുള്ള സ്ഥലം തേടിക്കൊണ്ടു പട്ടണമദ്ധ്യത്തിലുള്ള സത്രത്തിൽ ചെന്നുകയറി. ഈ സത്രം കച്ചവടാവശ്യത്തിനായും മററും ബേത്ലഹേമിൽ വന്നെത്തുന്ന വിദേശിയരുടെ ഉപയോഗത്തിനായി ഭീമാകൃതിയിൽ പണിയിച്ചിട്ടുള്ള ഒരു കെട്ടിടമാണു. ഒട്ടനേകം പേൎക്കു നിൎബാധം താമസിപ്പാൻ സൌകൎയ്യപ്പെട്ടതായ ആ സത്രത്തിൽ തങ്ങൾക്കും ഇടംലഭിക്കുമെന്നുതന്നെ യൌസേഫ് സമാധാനിച്ചു. സത്രത്തിൽ കയറിച്ചെന്നപ്പോൾ കണ്ട കാഴ്ച യൌസേഫിനെ സന്തുഷ്ടനാക്കിത്തീൎക്കുന്നതിനു പകരം ആശാഭഗ്നനാക്കിത്തീൎക്കുകയാണുണ്ടായതു. സൂചി കുത്താൻപോലും പഴുതില്ലാത്തവിധം ജനങ്ങളാൽ നിറഞ്ഞിരുന്ന ആ വീട്ടിൽ പൂൎണ്ണഗൎഭിണിയായ മറിയാമിനു സ്വൈരമായി താമസിപ്പാൻ ഒരിക്കലും സാധ്യമല്ലെന്നുതന്നെ യൌസേഫ് ഉടനെ ഗ്രഹിച്ചുകഴിഞ്ഞു. അതേ, ശ്ലീഹാ പറയുംപോലെ അവൎക്കു ഇച്ഛാഭംഗത്തോടുകൂടി അവിടെനിന്നു പിന്തിരിയേണ്ടതായിത്തന്നെ വന്നു.

യാത്രാക്ഷീണം നിമിത്തം പൂൎവ്വാധികം പരവശയായിത്തീൎന്ന വിശുദ്ധ മറിയാമിന്റെ വാടിക്കരിഞ്ഞ മുഖം കണ്ടപ്പോൾ, ഈ അവിചാരിതസംഭവത്തിൽ യൌസേഫിനു അതിദുസ്സഹമായ മനോവേദനയുണ്ടായി. എങ്കിലും അദ്ദേഹത്തിനു ബേത്ലഹേംപട്ടണം സുപരിചിതമായിരുന്നു. തന്റെ പഴയ മിത്രങ്ങളിൽ ആരെങ്കിലും തന്റെ ഈ നിസ്സഹായാവസ്ഥയിൽ ഒരിക്കലും തന്നെ കൈവെടിയുകയില്ലെന്ന ദൃഢനിശ്ചയത്തോടുകൂടി ഭാൎയ്യയുടെ കയ്യും താങ്ങി തെരുവീഥിയിലേക്കിറങ്ങി. പരിചിതന്മാരും സ്നേഹിതന്മാരുമായ പലരുടേയും പാൎപ്പുകൾ ചെന്നറിഞ്ഞു വെറുങ്കയ്യുമായി യൌസേഫ്

അഭയപ്രാർത്ഥന ചെയ്തു. മിത്രങ്ങളിൽ ആരുംതന്നെ അപ്പോൾ യൌസേഫിനെ അറിയുന്നതായിക്കൂടി നടിച്ചില്ല. പിന്നെയും ധൈര്യം അവലംബിച്ച് പൂർണ്ണഗർഭിണിയായ മറിയാമിന്റെ കയ്യും പിടിച്ചു വർഷകാലത്തിലെ ആ രാത്രിയിൽ എല്ലാ വീട്ടിന്റെയും മുന്നിൽ ചെന്നു "തല ചായിപ്പാൻ ഇടം തരണേ!" എന്നു ദീനസ്വരത്തിൽ കെഞ്ചിനോക്കി. അപ്പോഴും ദീനദയാലുവായ യാതൊരുത്തനിൽനിന്നും മറുപടിശബ്ദം കേൾക്കപ്പെടുകയുണ്ടായില്ല. ബേത്ത്ലഹേമിന്റെ ആ നിഷ്ഠുരഹൃദയത്വം മറിയാമിന്റെയും യൌസേഫിന്റെയും മനസ്സിനെ വല്ലാതെ വ്രണപ്പെടുത്തിക്കളഞ്ഞു! "എന്തു വേണ്ടു യഹോവയേ!" എന്ന ഗൽഗ്ഗതസ്വരം ഇരുവരുടേയും തൊണ്ടയിൽനിന്നു നിർഗ്ഗമിച്ചു വായുവിൽ ലയിച്ചു. നിഷ്ഠുരഹൃദയയായ ബേത്ത്ലഹേമേ, നീ ഇതാ അതികഠിനമായ ഒരു മഹാപാതകം ചെയ്തുകഴിഞ്ഞു. ലോകരക്ഷകനായ ദൈവപുത്രന്റെ മാതാവിനെ നീ ഇങ്ങിനെ നിഷ്ക്കരുണം പരിത്യജിച്ചുവല്ലോ! നിന്റെ ഓരോ ഗൃഹങ്ങളിലും സന്തോഷഭാഗ്യലക്ഷ്മി നൃത്തമാടിക്കളിക്കുമ്പോൾ നിന്റെ നാഥൻ അനാഥയായി, അശരണനായി തെരുവിൽ ഉലയുന്നതു കാണ്മാൻ നിനക്കു കണ്ണില്ലയോ? "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല"–)യോഹ:1-11) സ്വർഗ്ഗത്തെ മേൽക്കട്ടിപോലെ വിരിച്ചവൻ ആരോ, അവന്നു ലോകത്തിൽ തലചായിപ്പാൻ സ്ഥലമില്ല! ഭൂമി ആരുടെ പാദപീഠമായിരിക്കുന്നുവോ, അവന്നു ലോകത്തിൽ വിശ്രമസ്ഥാനമില്ല!!

ഇങ്ങിനെ നിരാശ്രയനായി, നിസ്സഹായനായി എല്ലാ ശ്രമങ്ങളും വിഫലമായതോർത്തു വിഷാദിച്ചിരിക്കുമ്പോൾ, ശൈത്യകാലത്തു് ആട്ടിടയന്മാർ ചില സമയം ആടുകളെ അടച്ചു സൂക്ഷിക്കാറുള്ള ഒരു ഗുഹ പട്ടണത്തിന്റെ കിഴക്കേ അററത്തുണ്ടെന്നുള്ള സംഗതി യൌസേഫിന്നു് ഓർമ്മയിൽ വന്നു. വേഗംതന്നെ ഇരുവരും വലിഞ്ഞിഴഞ്ഞു് അവിടെ ചെന്നു പററി. പാറകൊണ്ടു നിർമ്മിതമായ ആ ഗുഹ ഒരു കുന്നിന്റെ അടിവാരത്തായി സകൌതുകം സ്ഥിതിചെയ്തിരുന്നു. തെബെറിന്ത്–ശേശ്നാദി വൃക്ഷങ്ങളായ ആച്ഛാദിതമായ ആ ഗുഹയുടെ പ്രവേശനദ്വാരം, അത്യുഗ്രമായ് കാററു കടക്കാതി

രിക്കാനെന്നവണ്ണം ഇളംചില്ലികളാൽ മനോഹരമായി തോരണംകെട്ടി വിതാനിക്കപ്പെട്ടിരുന്നു. ഗുഹയുടെ അന്തർഭാഗം, സാധാരണ മലമ്പ്രദേശത്തുള്ള ഗുഹകളുടേതുപോലെ, ചെറിയചെറിയ മുറികളായി വിഭജിക്കപ്പെട്ടുമിരുന്നു. അതിന്നകത്തു ആട്ടിടയന്മാർ ഉപേക്ഷിച്ചുപോയ വയ്ക്കോൽ (കച്ചി) തുരുമ്പുകളും, കന്നുകാലികൾക്കുള്ള ഒരു തൊഴുത്തുമല്ലാതെ മറെറാന്നും കാണപ്പെട്ടില്ല. ഈ ഒരു അനിതരസാധാരണമായ ഗുഹയാണു്, ലോകോദ്ധാരകനായ പ്രിയ പുത്രൻെറ സ്വീകാരത്തിന്നായി സ്വർഗ്ഗസ്ഥനായ ദൈവത്താൽ സജ്ജമാക്കപ്പെട്ട വിശ്വവിശ്രുതമായ സ്വാഗതമാളിക!

---

# മശിഹാചരിത്രം

(തുടച്ച്)

അത്യാശ്ചര്യകരമായ ഈ സംഭവത്താൽ വിസ്മയഭരിതനായിത്തീന്ന യൌസേഫ് അപ്പോൾ സ്വസ്ഥാനത്തുനിന്നു പതുക്കെ എഴുന്നേററു പ്രിയപുത്രനഭിമുഖമായി ആദരപൂർവ്വം വന്നുനിന്നു സാഷ്ടാംഗപ്രണാമം ചെയ്തു. തത്സമയം ആ വന്ദ്യവയോധികൻെറ കവിൾത്തടങ്ങളിലൂടെ ഇററിററു വീണിരുന്ന കണ്ണുനീർത്തുള്ളികൾ അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്ന വികാരവിചാരങ്ങളെ തികച്ചും പ്രതിഫലിപ്പിച്ചിരുന്നു. പിന്നെ അദ്ദേഹം കമ്പിട്ടിരുന്നു ഭക്തിബഹുമാനാദരങ്ങളാൽ വിറയ്ക്കുന്ന കൈകൾകൊണ്ടു് ആ ദിവ്യ ശിശുവിനെ താങ്ങിയെടുത്തു കൃതജ്ഞതാപാരവശ്യത്താൽ മിടിച്ചുകൊണ്ടിരുന്ന നെഞ്ചിന്മേൽ പ്രേമത്തോടു കൂടി അല്പനേരം അമത്തിപ്പിടിച്ചു. അതിൽപ്പിന്നെ ആ ശുദ്ധഹൃദയൻ ബാഷ്പകണങ്ങളാൽ അഭിഷിക്തമായ ചുണ്ടുകൊണ്ടു സ്വപുത്രൻെറ ഫാലസ്ഥലത്തിൽ ഗാഢമായി ചുംബിച്ചു് അതിനെ താഴെ കിടത്തി.

നിസ്തേജമായ ആ കാലിത്തൊഴുത്തിൽ ദൈവദൂതന്മാരുടെ സ്തുത്യഗാനങ്ങൾക്കു പോലും പാത്രവാനായിക്കിടക്കുന്ന ആ ശിശു ആരായിരിക്കാം! കച്ചത്തുണികളാൽ ആവരണം ചെയ്യപ്പെട്ടവനായി വയ്ക്കോൽപതപ്പിൽ മറഞ്ഞു കിടക്കുന്ന

വെങ്കിലും, അപ്പോഴും തന്റെ സാന്നിദ്ധ്യവിശേഷത്താൽ സ്വർഗ്ഗരാജ്യത്തെ പൂർവ്വവൽ പ്രശോഭിപ്പിച്ചു വർത്തിക്കുന്ന ആ വന്ദ്യശിശു ഏതായിരിക്കാം! അന്തരീക്ഷത്തിലെ ഗ്രഹഗോളങ്ങളെല്ലാം ആരുടെ വരുതിപ്രകാരം ഗഗനസഞ്ചാരം ചെയ്യുന്നുവോ, അല്ലെങ്കിൽ വാനവസൈന്യങ്ങൾ ആരുടെ കീർത്തിയെ വിജയോപവഗാനങ്ങളാൽ പുകഴ്ത്തിപ്പാടുന്നുവോ, ആ സർവ്വവല്ലഭനായ ദൈവംതന്നെ അതാ, ആ കാലിത്തൊഴുത്തിൽ വിശ്രമസുഖം അനുഭവിച്ചുകൊണ്ടു കിടക്കുന്നു! ഭൂലോകംപോലും തന്റെ അധികാരകർത്തൃത്വത്തിന്നു കീഴ്പ്പെട്ടിരിക്കുന്നു എന്നു വിളംബരപ്പെടുത്താനെന്നപോലെ, ആ വന്ദ്യശിശുവിന്റെ ജനനത്തിങ്കൽ മഹാനായ ഹേരോദാരാജാവു പരിഭ്രമിക്കുകയും, കീർത്തിപെരുത്ത യറുശലേംപട്ടണം നടുങ്ങുകയും ചെയ്തു! മനുഷ്യരക്ഷകനായ ദൈവത്തിന്റെ ആട്ടുതൊട്ടിയായ ആ കാലിത്തൊഴുത്ത് ഹാ! എന്നെന്നും പൂജനീയമായിത്തന്നെ പരിലസിക്കുന്നു. മഹാരാജാക്കന്മാരുടെ കൊട്ടാരങ്ങളേക്കാളും പ്രഭുക്കന്മാരുടെ മണിമേടകളെക്കാളും ശ്രേഷ്ഠതരമായി അതു കീർത്തിക്കപ്പെടുകയും ചെയ്യുന്നു. അതിൽ കിടക്കുന്ന വന്ദ്യശിശു ചില സമയം കരയുകയും ഞെരുങ്ങുകയും ചെയ്യുമ്പോഴത്തെ സ്വരവിശേഷമാകട്ടെ, ലോകത്തിലെ ഇമ്പകരമായ സംഗീതാലാപത്തിൽനിന്നും സ്വർഗ്ഗലോകത്തിലെ അതുല്യമായ വേണുനാദത്തിൽനിന്നും ശ്രോത്രേന്ദ്രിയങ്ങളെ പിന്തിരിപ്പിക്കത്തക്കതുമായിരിക്കുന്നു! അനാദ്യന്തനായ പിതാവിന്റെ തേജസ്സ്കിരണംതന്നെ അതാ, ആ തൊഴുത്തിൽ തിളങ്ങിവിളങ്ങുകയും ചെയ്യുന്നു! "ഭാഗ്യമേറിയ വയററിൽ പൊറുത്ത ബാവായുടെ കതിരേ, എന്റെ ഉള്ളിൽ വെളിവുതന്നെന്റെ പിഴയൊഴിക്കണമേ!" (ഈശോനാഹറാ). ഞങ്ങളുടെ ദൈവമായ മശിഹാതമ്പുരാനേ, നിന്റെ മനുഷ്യസ്നേഹം വാചാമഗോചരവും വിസ്മയാവഹവും തന്നെ. സത്യമായിട്ടും നീ കരുണയുടെ സന്താനമാകുന്നു. അതേ, കരുണതന്നെ നിന്നെ ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു.

* * * * * * *

ദൈവപുത്രനായ യേശുവിന്റെ നാമശ്രവണമാത്രയിൽപ്പോലും ഇഹത്തിലും പരത്തിലും പാതാളത്തിലുമുള്ള മഹച്ഛക്തികൾ തലകുനിക്കുന്നു എന്നു വിശുദ്ധ പൌലൂസ് എഴു

തിയിരിക്കുന്നു. പതിതരായ മാലാഖമാരുടെ നിശ്വാസന ത്താൽ അടഞ്ഞുപോയ സ്വൎഗ്ഗവാതിൽ പുണ്യാത്മാക്കളുടെ ഉൾപ്രവേശനത്തിന്നായി വിശുദ്ധ കരിശുകൊണ്ടു തുറന്നി ട്ടതു ബേത്ലഹേമിൽ ജനിച്ചവനായ ആ ദൈവപുത്രനായി രുന്നു എന്ന കാൎയ്യം നമുക്കാൎക്കും മറക്കുവാനോ മറയ്ക്കുവാനോ പാടുള്ളതല്ല. ഭൂലോകം മുഴുവനും നികൃഷ്ടതരമായിത്തീരു മാറു് മനുഷ്യവൎഗ്ഗത്തിന്നാകമാനം തട്ടിയ ശാപത്തിൽനിന്നു തന്റെ വിശുദ്ധനാമത്താൽ അതിനെ മോചിച്ചതും ആ ദൈവജാതൻതന്നെയായിരുന്നു. പിശാചിന്റെ നിഷ്ഠുരഭര ണത്തിൽനിന്നു് ആദാമിന്റെ സന്താനങ്ങളെ വേർപെടുത്തി യതും ആ കന്യകാപുത്രൻ തന്നെ. ഇങ്ങിനെയുള്ള മഹാകാ ൎയ്യങ്ങൾ സാധിപ്പാനായി എഴുന്നെള്ളിയവനായ നമ്മുടെ രക്ഷകന്റെ ജനനാവസരത്തിൽ സ്വൎഗ്ഗത്തിലും ഭൂമിയിലും മാത്രമല്ല, പാതാളത്തിൽക്കൂടെയും അത്ഭുതപൂൎവ്വകവും ആത്യാ ശ്ചൎയ്യകരവുമായ ഒരു വ്യതിചലനം ഉണ്ടായതിൽ നാമാരും വിസ്മയിക്കേണ്ടതില്ല. പ്രസ്തുത മുഹൂൎത്തത്തിൽ പാതാളത്തി ലുള്ള പിശാചുക്കൾ പേടിച്ചു വിറച്ചുകൊണ്ടിരിക്കവേ, ആകാ ശവും ഭൂമിയും സമാഹ്ളാദചിത്തരായി നൃത്തംവെച്ചു. സത്യ മായിട്ടും അവൻ സ്വൎഗ്ഗത്തിന്റെ നിൎമ്മാതാവും ഭൂമിയുടെ ഉട യവനുമാകുന്നു.

"അവന്റെ എല്ലാ ദൂതന്മാരുമേ, അവനെ സ്തുതിപ്പിൻ! സെഹിയോൻ കേട്ടു, സന്തോഷിച്ചു" എന്ന ദാവീദ്ദീൎഘദൎശി യുടെ പ്രവചനങ്ങൾ അക്ഷരംപ്രതി അനുവൎത്തിക്കാനായിട്ടെ ന്നപോലെ വാനവസൈന്യങ്ങളെല്ലാവരും അണിയണിയാ യിനിന്നു് സ്വൎഗ്ഗീയ സംഗീതോപകരണങ്ങളോടുകൂടി

"തെശ്ശുബ്ബഹത്തൊ ലാലോഹൊ ബമ്റൗമേ
അൽ അറവശ്ലോമ്മോ
ശൈനോ ശബറൊ തോബോ ലബ്നൈനോശേ!"

എന്ന അൎത്ഥഗൎഭമായ ഗാനം പാടി കാലിത്തൊഴുത്തിൽ കിട ന്ന കുട്ടിയെ നമസ്കരിച്ചു. അപ്പോൾ സ്വൎഗ്ഗീയ സെഹിയോ നിൽ ഉണ്ടായ സന്തോഷകോലാഹലത്തെപ്പററി എങ്ങിനെ വൎണ്ണിക്കേണ്ടു! 'അതാ ഭൂമിയിൽ ലോകരക്ഷകൻ ജനിച്ചുക

ഴിഞ്ഞു' എന്ന സദ്വാൎത്തമാനം സ്രോപ്പേന്മാർ, ഖെറൂബിമാർ ആദിയായ പ്രമുഖസൈന്യങ്ങളെ പിതാവായ ദൈവം അറിയിച്ചപ്പോൾ തത്സമയം 'മേല്പെട്ട ഉയരങ്ങളിൽ' ഉണ്ടായ ആനന്ദോത്സവത്തെപ്പററിയും എങ്ങിനെ വിവരിക്കേണ്ടു! ഇങ്ങിനെ ആ മാലാഖമാർ കൂട്ടത്തോടെ പറന്നുവന്നു സ്വൎഗ്ഗീയസ്ഥാനാപതികൾക്കുചിതമായ വിധത്തിൽ അവരുടെ കടമയെ നിൎവ്വഹിച്ചു.

ബേത്ലഹേമിനു കിഴക്കായി ചാവുകടൽവരെ വിസ്താരത്തിൽ നീണ്ടുകിടക്കുന്ന ഒരു മൈതാനം ഉണ്ടു്. വൃദ്ധപിതാവായ യാക്കോബു് തന്റെ ഭാൎയ്യയുടെ വിയോഗവിരഹാൎത്ഥം ഒരു കൂടാരം കെട്ടിയതും, ബാലനായ ദാവീദു് ആടുകളെ മേച്ചിരുന്നതും ഇവിടെ ആയിരുന്നു എന്ന വസ്തുത വിസ്മരിക്കാൻ പാടുള്ളതല്ല. നമ്മുടെ കഥാകാലത്താകട്ടെ, ഈ മൈതാനത്തിൽ യറുശലേം ദൈവാലയത്തിൽ ബലികഴിപ്പാനുള്ള ആട്ടുമാട്ടുകളെ തീററിപ്പോററി വന്നിരുന്നു. ഇവകളെ മേച്ചുവന്ന ഇടയന്മാർ, സാധാരണ ഇടയന്മാരെപ്പോലെ ശുദ്ധഹൃദയന്മാരും, വിശ്വാസത്തിൽ സ്ഥിരതയുള്ളവരും, ദൈവഭയമുള്ളവരുമായിരുന്നു. പ്രസ്തുത ദിവസത്തിലും പതിവുപോലെ ഒരാൾ ഒഴികെ ശേഷംപേർ ഉറങ്ങിയിരുന്നപ്പോൾ ആകാശത്തിൽ അനന്യസാധാരണമായ ഒരു പ്രകാശം കാണുമാറായി. ഉണൎന്നിരുന്ന ആൾ മററുള്ളവരെയെല്ലാം തൽക്ഷണം വിളിച്ചുണൎത്തി. എന്താണിതിനു കാരണമെന്നറിയാതെ, ഒരുപക്ഷെ ആകാശത്തിനു തീപിടിച്ചിരിക്കുമോ എന്നുപോലും, ശങ്കിച്ചു് അവർ പരാഭ്രമാകുലരായി നിൽക്കവേ, ഒരു ദൈവദൂതൻ അവിടെ പ്രത്യക്ഷനായി, "ഭയപ്പെടായ്വിൻ" എന്നു് അവരെ ആശ്വസിപ്പിച്ചു.

---

## സണ്ടേസ്കൂൾവാൎത്തകൾ

അദ്ധ്യാപകയോഗങ്ങൾ. പന്തളംസെൻറർ അദ്ധ്യാപകയോഗം ഉള്ളന്നൂർ ഗ്രാമോദ്ധാരണം സ്കൂളിൽവച്ചു വി. ജി. ജോൎജ്ജു് ബി. ഏ. എൽ. ററി.യുടെ അദ്ധ്യക്ഷതയിൽ ധനു 11-ാം ൹ ഞായറാഴ്ച നടന്നു. കെ. ഇ. ഉമ്മന്റെ നിരൂപണ

ക്ലാസ്സ്, പി. ഇ. ദാനിയേൽ ശെമ്മാശ്ശൻ ബി. ഏ. ബി. ഡി. യുടെ യറമിയായെ അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസ്സ്, ഫാദർ കെ. ഡേവിഡിൻെറ പ്രസംഗം ആദിയായവ ഉണ്ടായിരുന്നു

ധനു 13-ാംനു- ബുധനാഴ്ച, പാമ്പാടി സെൻറർ അദ്ധ്യാപകയോഗം, വാഴൂർ പ്രൈമറിസ്കൂളിൽനച്ചു നടന്നു. ഫാദർ കെ. ഡേവിഡ് രണ്ടു ക്ലാസ്സുകൾ എടുക്കുകയും, വി.ജെ. കോര ഒരു നിരൂപണക്ലാസ്സ് എടുക്കുകയും, ഫാദർ കെ. വി. മത്യൂസ് ഒരു പ്രസംഗം ചെയ്കയും ചെയ്തു. ഇൻസ്പെക്ടർ വി. സി. തോമസ് അവർകൾ ചില പ്രത്യേക കാരണങ്ങളാൽ തൽസ്ഥാനം രാജിവെയ്ക്കുകയും വേറൊരാളെ തെരഞ്ഞെടുക്കുകയും ചെയ്തു.

സമ്മാനദാനങ്ങൾ. വെണ്ണിക്കുളംപള്ളി സൺഡേസ്കൂളിൻെറ സമ്മാനദാനം ധനു 4-ാംനു ഫാദർ കെ. ഡേവിഡിൻെറ അദ്ധ്യക്ഷതയിൽ നടന്നു. ഫാദർ തേവർവേലിൽ മത്തായി അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു.

അയിരൂർ ചെറിയപള്ളി സൺഡേസ്കൂളിൻെറ സമ്മാനദാനം ധനു 25-ാംനു- ഞായറാഴ്ച, ഫാദർ കെ. ഡേവിഡിൻെറ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ ഫാദർ റി. എസ്സ്. ഏബ്രഹാമ്മിൻെറയും, മാത്യു ഇഞ്ചക്കലോടിയുടേയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

ജനറൽസെക്രട്ടറി ഫാദർ കെ. ഡേവിഡ് അവർകൾ അറിയിക്കുന്നതു്:—

വാർഷീകപരീക്ഷയും മത്സരപരീക്ഷയും മീനം ഒടുവിൽ നടത്തണമെന്നു് ഉദ്ദേശിക്കുന്നു. ശരിയായ തീയതി പിന്നാലെ അറിയിക്കുന്നതാണു്. പരീക്ഷകൾക്കു മുമ്പായി സില്ലബസ്സ് അനുസരിച്ച പാഠങ്ങൾ തീർക്കുന്നതിനു് എല്ലാ സ്കൂൾകാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. മത്സരപരീക്ഷയിൽ ചില സ്കൂളുകാർ കുട്ടികളെ ചേർക്കുന്നതായി കാണുന്നില്ല. ഏതാനും സ്കൂളുകാർ പഴയ കുടിപ്പള്ളിക്കൂടംസമ്പ്രദായത്തിൽ മുമ്പോട്ടുപോകുകയാണു്. ക്രമമായ ബോധനമോ, പരീക്ഷയോ യാതൊന്നും നടക്കുന്നില്ല. ഈ നില എത്രയും വേഗത്തിൽ മാറേണ്ടിയിരിക്കുന്നു. അസ്സോസിയേഷനോടു യോജിപ്പിക്കാതെ സ്വാതന്ത്ര്യമായി നടത്തപ്പെടുന്ന സ്കൂളുകൾ ഇപ്പോഴും

ഉണ്ടെന്നുള്ളതു് ലജ്ജാകരം തന്നെ. സ്കൂളുകൾ ഇല്ലാത്ത പള്ളികളും ഇല്ലാതില്ല. ബ: അച്ചന്മാർ ഈ കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധപതിക്കണമെന്നു താല്പൎയ്യപ്പെടുന്നു.

വാർഷികപിരിവും സ്റ്റേറ്റുമെൻറും ഒരു മാസത്തിനകം എല്ലാ സ്കൂളുകളിൽനിന്നും കിട്ടേണ്ടിയിരിക്കുന്നു.

പുത്തൻകാവു്, ചെങ്ങന്നൂർ എന്നീ സെൻററുകളിലെ അദ്ധ്യാപകയോഗം മകരം 17-ാംനു ചെങ്ങന്നൂർ ബഥേൽപ്പള്ളിയിൽവച്ചു നടത്തുവാൻ ഉദ്ദേശിച്ചുവരുന്നു. തലേദിവസം 3 മണിക്കു സൺഡേസ്കൂൾകമ്മററി അവിടെവച്ചു് മാർ പീലക്സീനോസ്സ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തുവാനും വിചാരിച്ചുവരുന്നു.

സമാജം പ്രിൻറിംഗ്പ്രസ്സ്. സൺഡേസ്കൂൾസമാജം കാൎയ്യക്ഷമമായ പ്രവൎത്തനങ്ങൾ നടത്തുന്നതിനും അതിന്റെ നിലനില്പിനും ഒരു പ്രസ്സ് അത്യന്താപേക്ഷിതമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. ആ ഇനത്തിൽ ഒരു പിരിവു് ആരംഭിച്ചിട്ടു് ഏകദേശം 400 രൂപയോളം കിട്ടിയിട്ടുണ്ടു്. പണത്തിനു വലിയ ക്ഷാമമില്ലാത്ത ഇക്കാലത്തു് ഓരോ സംഭാവനകൾ അയച്ചുതന്നു് ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്നു സ്കൂളുകാരോടും സമുദായസ്നേഹികളായ ഇതരന്മാരോടും അപേക്ഷിച്ചുകൊള്ളുന്നു.

---

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അൻപതു വർഷങ്ങൾക്കു മുൻപു് കുന്നംകുളത്തു തുടങ്ങിയ വിജാതീയ മിഷ്യൻവേലയുടെ ഫലമായി കുറെ ആളുകൾ സഭയിൽ ചേരുകയും, പരിമല കൊച്ചുതിരുമേനി അവിടെ എഴുന്നെള്ളി അവരെ അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ആ വേലയെ സഹായിച്ചു വേല ചെയ്യുന്നതു് യൗസേഫ് ഉപദേശിയാകുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി ജാതികളുടെ വേലയും സ്ത്രീകളുടെ യോഗവും നടക്കുന്നുണ്ടു്. സ്ത്രീയോഗക്കാരുടെ ചില സഹായത്താലും മററുമാണ് ഇപ്പോഴും ഈ വേല തുടൎന്നുകൊണ്ടിരിക്കുന്നതു എന്നു പറയാതെഇരിപ്പാൻ നിവൃത്തിയില്ല.

---

# സഭാപഞ്ചാംഗം.

## മകരം.

1 നമ്മുടെ കർത്താവിന്റെ ചേലാകർമ്മപെരുന്നാളും, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് എന്നിവരുടെയും ശേഷമുള്ള സകല മല്പാന്മാരുടെയും പെരുന്നാൾ (ക്രിസ്തുവർഷാരംഭം.)

3 ജനനപ്പെരുന്നാളിന്റെ ശേഷം 2-ാം ഞായർ.

6 കർത്താവിന്റെ മാമ്മോദീസാപെരുന്നാൾ (ദനഹാ)

7 യോഹന്നാൻമാംദാനായുടെ ശിരച്ഛേദനപ്പെരുന്നാൾ

8 ശെമ്മാശന്മാരിൽ തലവനും സഹദേന്മാരിൽ ആദ്യനുമായ മാർ സ്തേപ്പാനോസിന്റെ പെരുന്നാൾ.

10 ദനഹായുടെ ശേഷം 1-ാം ഞായർ

15 വിത്തുകളെപ്പററി ദൈവമാതാവിന്റെ പെരുന്നാൾ.

17 ദനഹായുടെശേഷം 2-ാം ഞായർ

24 ദനഹായുടെശേഷം 3-ാം ഞായർ

25 മൂന്നനോമ്പ് ആരംഭം

28 മൂന്നുനോമ്പ് വീടൽ

## കുംഭം.

1 പട്ടക്കാരുടെ പൊതുവേ ഓർമ്മകഴിക്കുന്ന ഞായർ

2 കർത്താവിന്റെ ദേവാലയപ്രവേശനപ്പെരുന്നാൾ (മായെൽത്തൊ)

3 മാർ ബർസൗമ്മാ മാർ ശെമഊൻ ദെസ്തുനോ അന്തോനിയോസ് എന്നിവരുടെയും സകല ആത്മീയ പിതാക്കന്മാരുടെയും ഓർമ്മ.

8 സകല മരിച്ചുപോയവരുടെയും ഓർമ്മകഴിക്കുന്ന ഞായർ

15 കൊത്തിനെ ഞായർ (വലിയനോമ്പ് ആരംഭം)

21 നോമ്പിന്റെ 1-ാം ശനി മാർ അപ്രേം, മാർ തേവോദോറോസ് എന്നിവരുടെ ഓർമ്മ

22 നോമ്പിന്റെ 2-ാം ഞായർ (ഗർബോ)

29 നോമ്പിന്റെ 3-ാം ഞായർ (മ്ശറിയോ)

# എം ജി എം പ്രസ്സ്

ആൻഡു്

# ബുക്കഡിപ്പോ,

## തിരുവല്ലാ.

സുറിയാനി ക്രിസ്ത്യാനികളുടെ സകല ആരാധനക്രമങ്ങളും (എല്ലാത്തരം ബയ്ൻറിംഗിലും സൈസിലും ഉള്ളതു്), ആണ്ടുതക്സാ, ആനീദാ (ഗീതങ്ങളുടെ തർജ്ജിമയോടു കൂടിയതു്), യൽദോഗീതങ്ങൾ, ഹാശാഗീതങ്ങൾ മുതലായ എല്ലാ പുസ്തകങ്ങളും എപ്പോഴും വില്പനയ്ക്കു് ഉണ്ടായിരിക്കുന്നതാണു്.

**ക്യംതാക്രമത്തോടുകൂടിയ സുറിയാനി നമസ്കാരപുസ്തകങ്ങളും,** സിറിയൻ സണ്ടേസ്കൂൾ സംബന്ധമായ എല്ലാ പുസ്തകങ്ങളും റിക്കാർട്ടുകളും, മാമോദീസാ റജിസ്റ്റർ, വിവാഹ റജിസ്റ്റർ, ശവസംസ്കാര റജിസ്റ്റർ, ഇടവക റജിസ്റ്റർ, വികാരിക്കുറി, ദേശക്കുറി, രസീതു് ആദിയായ സകല പള്ളി റിക്കാർട്ടുകളും എപ്പോഴും തയ്യാർ.

ഇംഗ്ലീഷിലും, മലയാളത്തിലും, സുറിയാനിയിലും എല്ലാ അച്ചടി വേലകളും, റൂളിംഗും, ബയൻറിംഗും, കൃത്യസമയത്തും മിതമായ ചാർജിനും ചെയ്തുകൊടുക്കപ്പെടും.

ഫാദർ പുന്നൂസു്,

മാനേജിംഗ് പ്രൊപ്രൈറ്റർ.

Licence No. 422. Date 31—10—1942.

# ഇടവകപ്പത്രിക

| വരിസംഖ്യ മുൻകൂർ | രൂ. | ച. | കാ. |
|---|---|---|---|
| അഞ്ചൽമാർഗ്ഗം (ഒരു വർഷത്തേക്കു്) | 1 | 7 | 0 |
| ആറുമാസത്തേക്കു് | 0 | 21 | 6 |
| തപാൽ ഒരു വർഷത്തേക്കു് | 2 | 0 | 0 |
| ആറുമാസത്തേക്കു് | 1 | 0 | 0 |
| ഒററ പ്രതിക്കു് | 0 | 3 | 8 |

മാസിക സംബന്ധമായ സകല എഴുത്തുകുത്തുകളും മാനേജർ, ഇടവകപ്പത്രിക, എം. ജി. എം. പ്രസ്സ്, തിരുവല്ലാ എന്ന മേൽവിലാസത്തിൽ എഴുതേണ്ടതാണു്. അതാതു മാസത്തെ മാസിക 10-ാംനു-ക്കു മുമ്പു് കിട്ടാത്തവർ വിവരം അറിയിക്കേണ്ടതാണു്. മാസികയിൽ ചേർക്കുവാനുള്ള ലേഖനങ്ങൾ തലേമാസം 20-ാംനു-ക്കു മുമ്പു് ഇവിടെ കിട്ടിയിരിക്കണം. ത്യജിക്കപ്പെടുന്ന ലേഖനങ്ങൾ തിരിച്ചുകിട്ടണമെന്നുള്ളവർ സ്റ്റാമ്പുകൂടി അയച്ചുതരേണ്ടതാണു്. ലേഖനങ്ങൾ വൃത്തിയായി എഴുതിയവ ആയിരിക്കണം.

☞ റോയൽ സയിസിൽ പുറപ്പെടുവിക്കണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നതു്. കടലാസിൻെറ വിഷമാവസ്ഥനിമിത്തം ചെറിയസയിസിൽ ഭേദപ്പെടുത്തീട്ടുള്ളതാണു്. ഈ പരിതസ്ഥിതികൾ മാറുന്നതിനോടുകൂടി വ്യത്യാസപ്പെടുത്തുന്നതാണു്. ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

Printed and Published by Rev. Fr. Punnoose,
at the Mar Grigorios Memorial Press & Book Depot,
Tiruvalla—1942.